# NGPMHS VENCHEMPU

# 2025-2026

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**സമഗ്രഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി കുട്ടികളിൽ മൂല്യബോധം വളർത്തുന്നതിനായി 2025 ജൂൺ 3 മുതൽ 13 വരെ ക്ലാസുകളിൽ നടത്തേണ്ട പ്രവർത്തനങ്ങളുടെ ചുമതലകൾ**

- **ലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനം... മലയാള വിഭാഗം**
- **റോഡ് സുരക്ഷ.. ഇംഗ്ലീഷ് വിഭാഗം**
- **വ്യക്തി ശുചിത്വം, പരിസര ശുചിത്വം... ഹിന്ദി വിഭാഗം**
- **റാഗിംഗ് വിരുദ്ധ അവബോധം... സാമൂഹ്യശാസ്ത്രവിഭാഗം**
- **ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം.... ഊർജ്ജതന്ത്ര വിഭാഗം**
- **ഹരിത ക്യാമ്പസ്, സ്കൂൾ സൗന്ദര്യവൽക്കരണം... രസതന്ത്ര വിഭാഗം**
- **പൊതു ആരോഗ്യം മാനസിക ആരോഗ്യം.... ജീവശാസ്ത്ര വിഭാഗം**
- **പരസ്പര സഹകരണത്തിന്റെ പ്രാധാന്യം, വൈകാരിക നിയന്ത്രണം (വൈകാരിക സുസ്ഥിതി)... ഗണിതവിഭാഗം**

**ഓരോ പിരീഡും ക്ലാസുകളിൽ പോകുന്ന അധ്യാപകർ അവരവർക്കുള്ള വിഷയങ്ങളുമായി ബന്ധപ്പെട്ട് ആദ്യത്തെ പത്തോ പതിനഞ്ചോ മിനുട്ട് കുട്ടികൾക്ക് ഈ വിഷയങ്ങളിൽ അവബോധം ഉണ്ടാക്കത്തക്ക വിധത്തിലുള്ള നിർദ്ദേശങ്ങൾ നൽകുന്നതാണ്. ഓരോ വിഷയവുമായി ബന്ധപ്പെട്ട് ഒരു പ്രവർത്തനമെങ്കിലും ക്ലാസിന് പുറത്ത് കുട്ടികളെ ഉൾപ്പെടുത്തി സംഘടിപ്പിക്കുകയും ആ പ്രവർത്തനത്തിന്റെ ഡോക്കുമെന്റേഷൻ നടത്തുകയും ചെയ്യുന്നതാണ്.**
**ജൂൺ 13 ന് ഈ ഡോക്യുമെന്റേഷനുകൾ ക്രോഡീകരിച്ച് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.**

## 2025-2026 അധ്യയനവർഷത്തിൽ വിവിധ വിഭാഗങ്ങൾ നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ള പ്രവർത്തനങ്ങൾ

# <u>മലയാളം</u>

### ജൂൺ മാസം

**അക്ഷരം ഉറപ്പിക്കൽ, ചിഹ്നം ഉറപ്പിക്കൽ, പദനിർമ്മാണം, വാക്യനിർമാണം ഈ ഘട്ടങ്ങളിലൂടെ കുട്ടികളുടെ ഭാഷാശേഷി വർദ്ധിപ്പിക്കുന്നു. സ്റ്റുഡന്റ് ടീച്ചർ സംവിധാനം ഉപയോഗിച്ച് കൂടുതൽ മെച്ചപ്പെടുത്തുന്നു.**

### അക്കാദമിക വർഷം

**ക്ലാസ് ലൈബ്രറി രൂപീകരിക്കുന്നു. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കുന്നു.സ്കൂൾ ലൈബ്രറി നവീകരിക്കുന്നു. റീഡിങ് റൂം നവീകരിക്കുന്നു. ജന്മദിന പുസ്തകം പദ്ധതി നടപ്പിലാക്കുന്നു. പത്രവായന പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നു.**

**ജൂൺ മാസത്തിൽ രണ്ടാഴ്ച**

**അമ്മ വായന**

**കുട്ടികളുടെ അമ്മമാരുടെ കൈകളിൽ പുസ്തകം എത്തിക്കുന്നു.വായിച്ചു വായനാക്കുറിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. മികച്ചവ തിരഞ്ഞെടുത്ത് വായനദിനത്തിൽ അസംബ്ലിയിൽ അമ്മയ്ക്ക് സമ്മാനം നൽകുന്നു.**

**പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കുന്നു.ഓരോ ക്ലാസിനും ഓരോ പത്രം നൽകാൻ ശ്രമിക്കും. രാവിലെ പത്രത്തിലെ പ്രധാന വാർത്തകൾ ക്ലാസിൽ അവതരിപ്പിക്കുന്നു. പത്രവാർത്തകളെ അടിസ്ഥാനമാക്കി ക്വിസ് ആഴ്ചയിൽ അവസാനം നടത്തുന്നു.വായനാനുഭവം പങ്കുവെക്കാൻ ആവശ്യപ്പെടുന്നു. സാഹിത്യ ക്വിസ് നടത്തുന്നു. സാഹിത്യകാരന്മാരുമായി സംവദിക്കൽ. പാത്തുമ്മയുടെ ആട് എന്ന കൃതിയെ ആസ്പദമാക്കി ഒരു ഹ്രസ്വചിത്രം നിർമ്മിക്കുന്നു.ജൂലൈ 5 ന് അസംബ്ലിയിൽ ബഷീർ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്നു.**

**കർക്കിടകമാസം പത്രത്തിൽ രാമായണത്തെക്കുറിച്ച് വരുന്ന ഭാഗങ്ങൾ ശേഖരിച്ച് പതിപ്പ് തയ്യാറാക്കാൻ ആവശ്യപ്പെടുന്നു. അസംബ്ലിയിൽ ഈ പതിപ്പിന്റെ പ്രദർശനം നടത്തുന്നു.**

**ചിങ്ങമാസം ഒന്നാം തീയതി കർഷക ദിനത്തിന് ഒരു കൃഷിക്കാരനെ ആദരിക്കുന്നു. അസംബ്ലിയിൽ കൃഷിപ്പാട്ട് അവതരിപ്പിക്കുന്നു. ഒരു കുട്ടി കർഷകന്റെ വേഷത്തിൽ എത്തുന്നു. വയൽ സന്ദർശിക്കുന്നു.**

**നവംബർ ഒന്നിന് കേരളപ്പിറവി ദിനത്തിൽ കേരള ചരിത്രം ക്വിസ് നടത്തുന്നു.സ്കൂൾ ശബ്ദ സംവിധാനം ഉപയോഗിച്ച് കുട്ടികൾ ആലപിച്ച ദേശഭക്തിഗാനങ്ങൾ പ്രക്ഷേപണം ചെയ്യുന്നു.**

**നവംബർ മാസത്തിൽ സാംസ്കാരിക നായകന്മാരുടെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം നിർമ്മിക്കുന്നു. ഒരു ദിവസം തോന്നയ്ക്കൽ ആശാൻ സ്മാരകം സന്ദർശിക്കുന്നു.**

**എല്ലാ മാസവും കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കുന്നു.**

**ഒക്ടോബർ മാസത്തിൽ പ്രസംഗ പരിശീലന കളരി സംഘടിപ്പിക്കുന്നു. വിവിധ വിഷയങ്ങൾ നൽകി പ്രസംഗങ്ങൾ തയ്യാറാക്കുക, മികച്ച പ്രസംഗങ്ങളുടെ ഓഡിയോ കേൾക്കുക,പ്രസംഗിക്കാൻ വേദികൾ തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുന്നു.**

**പാഠഭാഗങ്ങൾ വിവരസാങ്കേതികവിദ്യയുടെ സഹായത്തോടെ പഠിപ്പിക്കുന്നു.മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടിംഗ് പരിശീലിപ്പിക്കുന്നു. തുടങ്ങിയ പ്രവർത്തനങ്ങൾ അക്കാദമിക വർഷത്തിൽ ഉടനീളം നടത്തുന്നതാണ്.**

# ENGLISH

**2025 June**

**Word Building Competition,Book Review**

**July**

**Essay Writing,Literary Quiz**

**August**

**Elocution,Recitation**

**September**

**Versification**

**October**

**English Assembly,English Film,Documentary**

**November**

**English Magazine,English Fest.**

**December**

**Listening an audio and writing its gist.**

**2026 January**

**Channel News,Introducing a poet or dramatist and his literary works.**

# Hindi

**2025 ജൂൺ, ജൂലൈ, ഓഗസ്റ്റ്**

**ഹിന്ദി വായിക്കാനും എഴുതാനും അറിയാത്ത കുട്ടികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. അവരെ പല ഗ്രൂപ്പുകളായി തിരിക്കുന്നു.ഹിന്ദി ലഘുചിത്ര പുസ്തകങ്ങൾ കൊടുക്കുന്നു. വായനാമത്സരവും എഴുത്തു മത്സരവും നടത്തുന്നു.**

**2025 ജൂലൈ മുതൽ ഒക്ടോബർ വരെ**

**നിത്യോപയോഗ സാധനങ്ങളുടെ ചിത്രങ്ങളും പേരുകളും ഉൾപ്പെടുത്തിയ വായന കാർഡുകൾ തയ്യാറാക്കുന്നു. ഹിന്ദി ഗ്രന്ഥശാല ഒരുക്കുന്നു.**
**ഓരോ മാസവും ഓരോ സാഹിത്യകാരന്മാരുടെ ചിത്രവും അവരുടെ സാഹിത്യ സംഭാവനകളും നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നു. ഈ സാഹിത്യകാരന്മാരുമായി ബന്ധപ്പെട്ട ക്വിസ് മത്സരങ്ങൾ നടത്തുന്നു.**

**ഒക്ടോബർ മാസത്തിൽ കുട്ടികളുടെ സൃഷ്ടികൾ ഉൾപ്പെടുത്തി ഓരോ ക്ലാസിലും ചുമർ മാസിക തയ്യാറാക്കുന്നു.**

**ഡിജിറ്റൽ പോസ്റ്റർ തയ്യാറാക്കാൻ ഗ്രൂപ്പുകൾക്ക് അവസരം നൽകി ഓരോ ടേമിലും മികച്ച സൃഷ്ടിക്ക് സമ്മാനം നൽകുന്നു.**
**എല്ലാ മാസവും ക്ലാസുകളിൽ കേട്ടെഴുത്ത് നടത്തുന്നു.**

**പാഠഭാഗങ്ങളെ അസ്പദമാക്കി കുട്ടികളെ കഥാപാത്രങ്ങളാക്കി കഴിയുന്നിടത്തോളം വീഡിയോകൾ നിർമ്മിക്കുന്നു. AI സാങ്കേതികവിദ്യയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നു.**
**ഹിന്ദി ക്ലബ്ബിന്റെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നു. വിവിധതരം മത്സരങ്ങൾ, ദിനാചരണങ്ങൾക്ക് സ്ഥാനം കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങൾ, വിജയികൾക്ക് സമ്മാനങ്ങൾ നൽകൽ,കലോത്സവങ്ങൾക്ക് പങ്കെടുക്കുവാൻ കുട്ടികളെ പ്രാപ്തരാക്കൽ തുടങ്ങിയവ സംഘടിപ്പിക്കുന്നു.**

**സെപ്റ്റംബർ 14, ജനുവരി 10**

ഹിന്ദി അസംബ്ലി നടത്തുന്നു. പോസ്റ്റർ നിർമ്മാണം,രചന മത്സരങ്ങൾ, വായനാ മത്സരങ്ങൾ, പ്രസംഗ മത്സരം തുടങ്ങിയവ നടത്തുന്നു

# Social Science

**2025 ജൂൺ 12**

**ലോക ബാലവേല വിരുദ്ധ ദിനവുമായി ബന്ധപ്പെട്ട് സ്കൂൾതലത്തിൽ ഒരു പോസ്റ്റർ നിർമ്മാണ മത്സരം നടത്തുന്നതാണ്.**

**ജൂലൈ 11**

**ലോക ജനസംഖ്യാ ദിനവുമായി ബന്ധപ്പെട്ട് സ്കൂൾതല ക്വിസ് മത്സരവും ഉപന്യാസ മത്സരവും നടത്തുന്നതാണ്.**

**ഓഗസ്റ്റ് 6,9**

**ഹിരോഷിമ - നാഗസാക്കി ദിനാചരണം**

**ഓഗസ്റ്റ് 8**

**ക്വിറ്റ് ഇന്ത്യാ ദിനവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ അസംബ്ലി നടത്തുന്നതാണ്.**

**സെപ്റ്റംബർ 8**

**ലോക സാക്ഷരതാ ദിനവുമായി ബന്ധപ്പെട്ട് സോഷ്യൽ സയൻസ് അധ്യാപകരുടെയും ക്ലബ് അംഗങ്ങളുടെയും നേതൃത്വത്തിൽ അക്ഷരം അറിയാത്ത കുട്ടികളെ കണ്ടെത്തുകയും അവർക്ക് ഒരു മാതൃകാസാക്ഷരതാ ക്ലാസ് നൽകുകയും ചെയ്യും**

**ഒക്ടോബർ 24**

**ഐക്യരാഷ്ട്ര സംഘടന ദിനവുമായി ബന്ധപ്പെട്ട് സ്കൂൾതലത്തിൽ ഒരു ഡിജിറ്റൽ ക്വിസ് മത്സരം നടത്തുന്നതാണ്.**

**നവംബർ 26**

**ഭരണഘടനാ ദിനവുമായി ബന്ധപ്പെട്ട് സ്കൂൾതലത്തിൽ constitution preample writing competition നടത്തുന്നതാണ്.**
**കൂടാതെ ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ എല്ലാ ക്ലാസ്സുകളിലും ഭരണഘടന അവബോധ ക്ലാസ് നടത്തുന്നതാണ്.**

**ഡിസംബർ 10**

**മനുഷ്യാവകാശ ദിനവുമായി ബന്ധപ്പെട്ട പ്രസംഗ മത്സരം നടത്തുന്നതാണ്.**

**ജനുവരി 25**

സമ്മതിദായകദിനവുയി ബന്ധപ്പെട്ട ക്ലബ്ബ് അംഗങ്ങളുടെ നേതൃത്വത്തിൽ ഒരു സെമിനാർ നടത്തുന്നതാണ്.

**പൊതുവായ പ്രവർത്തനങ്ങൾ**

1) ലൈബ്രറി & ലാബ്
2) പുരാവസ്തു ശേഖരണവും പ്രദർശനവും
3) പഠനയാത്രകൾ
4) പ്രാദേശിക ചരിത്രരചന
5) സ്കൂൾ മാപ്പ് വരക്കൽ മത്സരം
6) അറ്റ്ലസ് നിർമ്മാണം
7) ഓർഗാനിക് ഫാമിംഗ്

# Physical Science

**2025 ജൂൺ 5**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പരിസ്ഥിതി ക്വിസ്

**ജൂലൈ 22**

ചാന്ദ്രദിനവുമായി ബന്ധപ്പെട്ട് ഉപന്യാസരചന മത്സരം,ISRO സന്ദർശനം.

**ജൂലൈ 27**

സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ സ്പെഷ്യൽ അസംബ്ലി

**സെപ്റ്റംബർ 16**

ഓസോൺ ദിനത്തോടനുബന്ധിച്ച് കുറിപ്പ് തയ്യാറാക്കൽ, കാർട്ടൂൺ രചന.
Tesla എന്ന സ്ഥാപനത്തിൽ പരീക്ഷണ പ്രവർത്തനങ്ങൾ ചെയ്യാൻ വിദ്യാർഥികൾക്ക് അവസരം ഒരുക്കുന്നു.

**നവംബർ 7**

CV രാമൻ ദിനത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ തയ്യാറാക്കിയ ശാസ്ത്ര മാസിക പ്രദർശനം

**ഡിസംബർ 14**

ദേശീയ ഊർജ്ജ സംരക്ഷണ ദിനവുമായി ബന്ധപ്പെട്ട് കാർട്ടൂൺ രചന/ പോസ്റ്റർ രചന മത്സരങ്ങൾ.
ഊർജ്ജ സംരക്ഷണത്തിന്റെ പ്രാധാന്യം വ്യക്തമാക്കുന്ന വിദഗ്ദന്റെ ക്ലാസ്.

**ഫെബ്രുവരി 28**

ശാസ്ത്ര ദിനവുമായി ബന്ധപ്പെട്ട ശാസ്ത്രപ്രദർശനം.

**ഓഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ**

ശാസ്ത്ര മാസിക തയ്യാറാക്കൽ മുന്നൊരുക്ക പ്രവർത്തനങ്ങൾ

**സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ**

ശാസ്ത്രപ്രദർശനത്തിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങൾ.

**അക്കാദമികവർഷം**

ശാസ്ത്രഭോഷിണി ലാബുകൾ പ്രയോജനപ്പെടുത്തി കൂടുതൽ പരീക്ഷണങ്ങൾ സംഘടിപ്പിക്കുന്നു. പരീക്ഷണക്കുറിപ്പുകൾ ഉൾപ്പെടുത്തി ശാസ്ത്ര പരീക്ഷണങ്ങളുടെ ഒരു ശേഖരം തയ്യാറാക്കുന്നു.

ICT, AI ഇവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തി ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം.

# Biology

**2025 ജൂൺ, ജൂലൈ**

സയൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ പ്രവർത്തകരെ സംഘടിപ്പിച്ചുകൊണ്ട് കൊതുകുജന്യ രോഗങ്ങളെ കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്

**ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങൾ**

വനം വകുപ്പിന്റെ സഹകരണത്തോടെ പരിസ്ഥിതി ക്ലബ്ബിന്റെയും സയൻസ് ക്ലബ്ബിന്റെയും ആഭിമുഖ്യത്തിൽ തെന്മല ഇക്കോ ടൂറിസം മേഖലയിൽ നേച്ചർ ക്യാമ്പ് സംഘടിപ്പിക്കുന്നു.

**അക്കാദമികവർഷം**

പരിസ്ഥിതി ക്ലബ്ബിന്റെയും സയൻസ് ക്ലബ്ബിന്റെയും നേതൃത്വത്തിൽ ഔഷധസസ്യത്തോട്ടം ദശപുഷ്പത്തോട്ടം എന്നിവയുടെ നിർമ്മാണം.

**അക്കാദമികവർഷം**

ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വിഷയങ്ങളുടെ അടിസ്ഥാനത്തിൽ സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ് തല, സ്കൂൾ തല ക്വിസ് മത്സരങ്ങൾ.

# Mathematics

**2025 ജൂൺ രണ്ടാം വാരം**

നിർമ്മിതികളിൽ പ്രയാസം നേരിടുന്ന കുട്ടികളെ കണ്ടെത്തി അവർക്കായി നിർമ്മിതികളിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു.

**ജൂൺ നാലാം വാരം**

ഗണിതശാസ്ത്രത്തോട് താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി ഗണിത ക്ലബ് രൂപീകരിക്കൽ.

ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗ്രൂപ്പുകളായി തിരിച്ച് മുന്നോക്കം നിൽക്കുന്ന കുട്ടികളുടെ നേതൃത്വത്തിൽ പരിശീലനം നൽകുന്നു.

**ജൂലൈ**

ക്ലാസ് റൂമുകളിൽ നിന്നും പഠന പ്രവർത്തനങ്ങളുടെ ഫലമായി ലഭിക്കുന്ന ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്നതിനും കൂടുതൽ പ്രവർത്തനങ്ങൾ അനുഭവവേദ്യമാക്കുന്നതിനുമായി ഒരു ഗണിത ലാബ് ഉദ്ഘാടനം ചെയ്യുന്നു.

ജൂലൈ രണ്ടാം വാരം മുതൽ ആഴ്ചയിൽ ഒരു ദിവസം എല്ലാ ഗണിത അധ്യാപകരും ഒരു ഹാളിൽ ഒത്തുകൂടി സംശയനിവാരണത്തിനുള്ള അവസരം ഒരുക്കുന്നു(ഗണിത ക്ലിനിക് )

**ജൂലൈ 22( pi approximation day )**

പോസ്റ്റർ നിർമ്മാണ മത്സരം നടത്തുന്നു.

**ജൂലൈ നാലാം വാരം**

സെമിനാർ (Std 10)

ആദ്യപദം മുതൽ തുടർച്ചയായ എത്ര പദങ്ങൾ കൂട്ടിയാലും പൂർണ്ണവർഗ്ഗങ്ങൾ കിട്ടുന്ന സമാന്തര ശ്രേണികൾ കണ്ടുപിടിക്കുന്നു.

**ഓഗസ്റ്റ് ഒന്നാം വാരം**

സ്കൂൾതലത്തിൽ സ്റ്റിൽ മോഡൽ മത്സരം നടത്തുന്നു.

ഓഗസ്റ്റ് മാസത്തിൽ 8,9 ക്ലാസുകളിൽ സെമിനാർ നടത്തുന്നു.

ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ ഭിന്നശേഷി കുട്ടികൾക്കായുള്ള പ്രത്യേക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

**സെപ്റ്റംബർ**

തെരഞ്ഞെടുത്ത ഒരു പ്രത്യേക പാഠഭാഗത്തെ അടിസ്ഥാനമാക്കി ചോദ്യപേപ്പർ രൂപീകരിക്കാനുള്ള പരിശീലനം കുട്ടികൾക്ക് നൽകുകയും കുട്ടികൾ തന്നെ ചോദ്യപേപ്പർ തയ്യാറാക്കുകയും ചെയ്യുന്നു.
സ്കൂൾ അസംബ്ലിയിൽ ഒരു ഗണിതശാസ്ത്ര പുസ്തകം ഗണിത ക്ലബ്ബ് അംഗം പരിചയപ്പെടുത്തുന്നു.

**ഒക്ടോബർ**

ഗണിതശാസ്ത്രമേളയിലെ മത്സര ഇനങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ഗണിതശാസ്ത്രമേള സംഘടിപ്പിക്കുന്നു.
NMMS ന് അപേക്ഷിച്ച കുട്ടികൾക്കായി ഗണിതശാസ്ത്രവുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നു. സബ്ജക്ട് കൗൺസിലിന്റെ നേതൃത്വത്തിൽ 8,9,10 ക്ലാസുകളിലേക്ക് യൂണിറ്റ് പരീക്ഷ ചോദ്യപേപ്പർ നിർമ്മാണ ശില്പശാല.

**നവംബർ 4( ശകുന്തള ദേവി ജന്മദിനം)**

ഒരു ഗണിത അസംബ്ലി സംഘടിപ്പിക്കുന്നു.

**ഡിസംബർ**

പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികൾക്കും ഭിന്നശേഷി കുട്ടികൾക്കുമായി ക്രിസ്മസ് പരീക്ഷ പരിശീലനം.

**ജനുവരി**

പത്താം ക്ലാസിലെ കുട്ടികൾക്കായി ഗണിതശാസ്ത്രത്തിന്റെ ഗ്രേഡ് മെച്ചപ്പെടുത്തുന്നതിനുള്ള പ്രത്യേക പരിശീലനം.

പുറത്തുനിന്നുള്ള ഒരു കൗൺസിലറെ ഉൾപ്പെടുത്തിക്കൊണ്ട് പത്താം ക്ലാസിലെ കുട്ടികൾക്ക് കൗൺസിലിംഗ് ക്ലാസ്.

# Work Education

എട്ടാം ക്ലാസിലെ ഒന്നാമത്തെ മേഖലയായ ആഹാരവും കൃഷിയും എന്ന ഭാഗവുമായി ബന്ധപ്പെട്ട് ചെലവ് ചുരുങ്ങിയ രീതിയിലുള്ള പോഷകാഹാരം എങ്ങനെ തയ്യാറാക്കാമെന്നും അതിന്റെ ഗുണങ്ങൾ എന്തെല്ലാമാണെന്നും മനസ്സിലാകത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ . കൂടാതെ സ്കൂളിലും അവരവരുടെ വീടുകളിലും കൃഷിചെയ്യണമെന്നും ഏതെല്ലാം രീതികളിൽ കൃഷി ചെയ്യാമെന്നും ജൈവകീടനാശിനി തയ്യാറാക്കുന്നത് എങ്ങനെയെന്നും പറഞ്ഞു കൊടുക്കണമെന്ന് തീരുമാനിച്ചു.

**2025 ജൂലൈ**

ആരോഗ്യവും ആരോഗ്യപരിപാലനവും എന്ന മേഖലയുമായി ബന്ധപ്പെട്ട് ശുചീകരണ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും അതിൽ പങ്കാളികളാകാനുള്ള പ്രേരണ കുട്ടികൾക്ക് നൽകാമെന്നും ശുചീകരണ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങളുടെ നിർമ്മാണവും കമ്പോസ്റ്റ് കുഴി നിർമ്മിക്കുന്ന വിധവും പറഞ്ഞുകൊടുക്കാൻ തീരുമാനിച്ചു.

**ഓഗസ്റ്റ്**

ഹിരോഷിമ നാഗസാക്കി ദിനങ്ങളുമായി ബന്ധപ്പെട്ട് സുഡാക്കോ കൊക്ക് നിർമ്മാണപരിശീലനം എല്ലാ കുട്ടികൾക്കും നൽകുവാൻ തീരുമാനിച്ചു. എട്ടാം ക്ലാസിലെ മൂന്നാമത്തെ മേഖലയായ വസ്ത്രം എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് വസ്ത്രങ്ങളിൽ അലങ്കാര തയ്യൽ ഉപയോഗിച്ച് എങ്ങനെ ഭംഗിയാക്കാം എന്നും ഫേബ്രിക് പെയിന്റിങ്ങിനെ കുറിച്ചും പരിശീലനം നൽകാൻ തീരുമാനിച്ചു. കൂടാതെ പതാക നിർമ്മാണ മത്സരം നടത്തുവാനും തീരുമാനിച്ചു.

**സെപ്റ്റംബർ**

പാർപ്പിടം എന്ന ഭാഗവുമായി ബന്ധപ്പെട്ട് ഗൃഹാലങ്കാരവസ്തുക്കളുടെ നിർമ്മാണ പരിശീലനം നൽകുവാനും ഓണാശംസാ കാർഡ് നിർമ്മാണ മത്സരം നടത്തുവാനും തീരുമാനിച്ചു.

**ഒക്ടോബർ**

വിനോദം എന്ന മേഖലയുമായി ബന്ധപ്പെട്ട് ഗൃഹാലങ്കാരവസ്തുക്കൾ, ഗ്ലാസ് പെയിന്റിംഗ്, സ്റ്റഫ്ഡ് ടോയ്സ് എന്നിവയുടെ നിർമ്മാണ പരിശീലനം നൽകുവാൻ തീരുമാനിച്ചു.

**നവംബർ**

എട്ടാം ക്ലാസിലെ സേവനം ഉപയോഗയോഗ്യമായ വസ്തുക്കളുടെ നിർമ്മാണം എന്ന മേഖലയുമായി ബന്ധപ്പെട്ട് ക്ലാസ് മുറിക്ക് ആവശ്യമായ വസ്തുക്കളുടെ നിർമ്മാണവും ചോക്ക്, ബുക്ക് ബയൻഡിങ്, ഓഫീസ് ഫയൽ നിർമ്മാണം,റൈറ്റിംഗ് പാട് നിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾക്കുള്ള പരിശീലനം നൽകുവാൻ തീരുമാനിച്ചു.

ജനുവരി, ഫെബ്രുവരി

വസ്ത്രങ്ങൾ മോഡി പിടിപ്പിക്കുന്ന വിധവും ഗൃഹാലങ്കാര വസ്തുക്കളുടെ നിർമ്മാണവും സംബന്ധിച്ച പരിശീലനങ്ങൾ നൽകുവാൻ തീരുമാനിച്ചു.

# Art Education

എഡിറ്റിംഗ്,ക്യാമറ അഭിനയം എന്നിവയിൽ താല്പര്യമുള്ള കുട്ടികളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനായി ജൂൺ മാസത്തിൽ തന്നെ ഒരു ഫിലിം ക്ലബ്ബ് രൂപീകരിച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്.

കുട്ടികളിലെ അഭിനയശേഷി പുറത്തുകൊണ്ടു വരുന്നതിന് നാടക കളരി സംഘടിപ്പിക്കുകയും സ്കൂൾ കലോത്സവത്തിന് ഒരു നാടകം തയ്യാറാക്കുകയും ചെയ്യുന്ന പ്രവർത്തനം

നൃത്തം,ചിത്രകല,നാടകം, അഭിനയം, സംഗീതം തുടങ്ങിയ ലോക കലകളെ തിരിച്ചറിയുന്നതിനും അവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കുന്നതിനുമായി ആർട്ട് ലാബിനോടനുബന്ധിച്ച് ഒരു ലൈബ്രറി തയ്യാറാക്കുന്ന പ്രവർത്തനത്തിന് തുടക്കമിടും.

കലാ പഠനം പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിൽ സാധ്യത മനസ്സിലാക്കുന്നതിനും ആർട്സ് ക്ലബ്ബിലെ കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് കലാ പഠന യാത്ര നടത്തുന്നതാണ്. ഫൈൻ ആർട്സ് കോളേജ്, KCS പണിക്കർ ഗാലറി, ശ്രീചിത്ര ആർട്ട് ഗ്യാലറി,നേപ്പിയർ മ്യൂസിയം, കുതിര മാളിക തുടങ്ങിയവ സന്ദർശിക്കുന്നതാണ്.

Outdoor study drawing പരിശീലിക്കുന്നതിന് രണ്ടുമാസത്തിലൊരിക്കൽ പുറത്തിരുത്തി പ്രകൃതി പഠന ഡ്രോയിങ് ചെയ്യിക്കുന്നതാണ്.

സ്കൂൾ ആർട്ട് ലാബിലേക്ക് ചെണ്ട, ഹാർമോണിയം,ചേങ്ങില, കൈമണി,കീബോർഡ് എന്നിവ സ്പോൺസർഷിപ്പിലൂടെ സ്കൂളിൽ ലഭിക്കുന്നതിന് വേണ്ടിയുള്ള ശ്രമം നടത്തുന്നതാണ്.

മാനസിക സംഘർഷം കുറച്ച് കലയിലേക്ക് കുട്ടികളെ ആകർഷിക്കുന്നതിനായി മ്യൂസിക്,നൃത്തം തുടങ്ങിയവയുടെ ക്ലാസുകൾ ആർട്ട് ലാബിൽ വച്ച് കൈകാര്യം ചെയ്യുന്നതാണ്.

സ്കൂളിന്റെ ചുമരുകൾ മനോഹരവും വിജ്ഞാനപ്രദവും ആക്കുന്നതിന്റെ ഭാഗമായി ചുമരുകളിൽ കുട്ടികൾ ചിത്രം വരയ്ക്കുന്നു. ആഴ്ചയിൽ ഓരോ ദിവസവും മാറിമാറി ഓരോ ക്ലാസ്സിലെ കുട്ടികളും അധ്യാപികയും ചേർന്നാണ് ഈ പ്രവർത്തനം ചെയ്യുന്നത്.

നമ്മുടെ സ്കൂളിലെ ആർട്ട് ഗ്യാലറിയെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തി കുട്ടികളുടെ കലാ പഠന കേന്ദ്രമാക്കി മാറ്റുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. ഇതിന് പൂർവ്വ വിദ്യാർത്ഥികളുടെ സഹകരണം തേടുന്നതിനുള്ള ശ്രമം നടത്തുന്നതാണ്.

# LITTLE KITES

**2025 ജൂൺ**

**എട്ടാം ക്ലാസ് ലിറ്റിൽ കൈറ്റ്സ് അഭിരുചി പരീക്ഷ.**

**2025 ജൂലൈ**

**ഹൈടെക് ഉപകരണ സജ്ജീകരണം( എല്ലാ ക്ലാസ്സുകളിലും )**
**എട്ടാം ക്ലാസ്സ് ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ PTA മീറ്റിംഗ്.**
**സൈബർ സുരക്ഷ ബോധവൽക്കരണ ക്ലാസ്.**
**ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ സഹായത്തോടെ ഒമ്പതാം ക്ലാസിലെ Atal Tinkering ക്ലബ് അംഗങ്ങൾക്കുള്ള റോബോട്ടിക്സ്/ ഇലക്ട്രോണിക്സ് ക്ലാസ്സ്.2025 ഓഗസ്റ്റ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ സഹായത്തോടെ പഠന പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള ടൈപ്പിംഗ്(Mal&Eng) പരിശീലനം.**

**2025 സെപ്റ്റംബർ**

**ഭിന്നശേഷി കുട്ടികൾക്കുള്ള കമ്പ്യൂട്ടർ പരിശീലനം.UP സ്കൂൾ കുട്ടികൾക്കുള്ള AI പരിശീലനം.സ്കൂൾ കലോത്സവ ലോഗോ നിർമ്മാണ മത്സരം.**

**2025 ഒക്ടോബർ**

**IT മേളയുടെ മുന്നൊരുക്ക പ്രവർത്തനങ്ങൾ, ഫീൽഡ് ട്രിപ്പ്**

**2025 നവംബർ**

**ഒമ്പതാം ക്ലാസ്സ് ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ PTA മീറ്റിംഗ്,സൈബർ ബോധവൽക്കരണ ക്ലാസ്.**

**2025 ഡിസംബർ**

**ഡിജിറ്റൽ മാഗസിൻ നിർമ്മാണം.**

**2026 ജനുവരി**

**ഒരു വർഷത്തെ ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള വാർത്ത തയ്യാറാക്കൽ.**
**എട്ടാം ക്ലാസിലെ Atal Tinkering ക്ലബ് അംഗങ്ങൾക്കുള്ള റോബോട്ടിക്സ്/ ഇലക്ട്രോണിക്സ് പരിശീലനം.**

**2026 ഫെബ്രുവരി**

**ഒരു വർഷത്തെ സ്കൂൾ പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ചുള്ള പ്രവർത്തന റിപ്പോർട്ട് തയ്യാറാക്കൽ.**

# SPC

**2025 ജൂൺ**

**ജൂൺ 2 ന് പ്രവേശനോത്സവ ദിനത്തിൽ കുട്ടികളെ സ്വാഗതം ചെയ്യും.**

**ജൂൺ 5**

**പരിസ്ഥിതി ദിനം വൃക്ഷത്തൈനട്ട് ആചരിക്കും**

**ജൂൺ 21**

**ലോക യോഗാ ദിനം, യോഗയെ കുറിച്ച് അവബോധ പ്രവർത്തനങ്ങൾ നടത്തും.**

**ജൂൺ 26**

**ലോക ലഹരി വിരുദ്ധ ദിനം**
**ലഹരിക്കെതിരായ ബോധവൽക്കരണത്തിന്റെ ഭാഗമായി എഴുത്തും വരയും സംഘടിപ്പിക്കും.**

**ജൂലൈ 1**

**ഡോക്ടേഴ്സ് ദിനം**
**സർവീസിൽ നിന്നും വിരമിച്ച സാമൂഹ്യ പ്രവർത്തനങ്ങളിൽ സജീവമായ ഡോക്ടർമാരെ ആദരിക്കും**

**ജൂലൈ 27**

**APJ ദിനം**
**ചിത്രപ്രദർശനം സംഘടിപ്പിക്കും**

**ഓഗസ്റ്റ് 2**

**SPC ദിനം**
**വിപുലമായ പരിപാടികളോടെ ആഘോഷിക്കും.**

**ഓഗസ്റ്റ് 15**

**സ്വാതന്ത്ര്യ ദിനം**
**വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.**

**സെപ്റ്റംബർ 5**

**അധ്യാപക ദിനം.. അധ്യാപകശ്രേഷ്ഠർക്ക് ആദരവ് നൽകും.**

**ഒക്ടോബർ 1**

**വൃദ്ധ ദിനം. "വയോജനങ്ങളുമായി അല്പസമയം" എന്ന പരിപാടി സംഘടിപ്പിക്കും.**
**ഒക്ടോബർ 2 ഗാന്ധിജയന്തി വൈവിധ്യമായ പരിപാടികളോടെ ആഘോഷിക്കും**

**നവംബർ 1**

**കേരളപ്പിറവി ദിനം വ്യത്യസ്ത പരിപാടികളോടെ ആഘോഷിക്കും.**

**നവംബർ 14**

**ശിശുദിന പ്രവർത്തനങ്ങൾ നടത്തും.**

ഡിസംബർ 6

**അംബേദ്കർ ചരമദിനം.**
**ഭരണഘടന മൂല്യങ്ങളെ കുറിച്ചുള്ള സെമിനാർ സംഘടിപ്പിക്കും.**

2026 ജനുവരി 26

**റിപ്പബ്ലിക്ദിനാഘോഷ പരിപാടികൾ സംഘടിപ്പിക്കും.**

ഫെബ്രുവരി 4

**ലോക ക്യാൻസർ ദിനം. ബോധവൽക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കും.**

👉**എല്ലാ പ്രവൃത്തിദിവസങ്ങളിലും രാവിലെ സ്കൂളിന് മുന്നിലുള്ള റോഡിലെ ട്രാഫിക് നിയന്ത്രണം SPC ഏറ്റെടുക്കുന്നതാണ്.**

👉**SPC യുടെ നേതൃത്വത്തിൽ കടയ്ക്കൽ പോലീസ് സ്റ്റേഷനിൽ ആരംഭിച്ച ലൈബ്രറിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും.**

👉**സ്കൂളും പരിസരവും പ്ലാസ്റ്റിക് ഫ്രീ സോണാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് SPC നേതൃത്വം നൽകും.**

👉**കൊല്ലം ജില്ലാ പോലീസ് നമ്മുടെ സ്കൂളിൽ ആരംഭിച്ചിട്ടുള്ള ജില്ലാതല ട്രാഫിക് ബോധവൽക്കരണ ക്ലാസ് റൂമിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കും.**

👉**അക്കാദമിക വർഷം മുഴുവനും നീണ്ടു നിൽക്കുന്ന ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകും.**

## Special Education

- **ജൂൺ മാസം CWSN കുട്ടികളെ കണ്ടെത്തി, മെഡിക്കൽ ക്യാമ്പിൽ പങ്കെടുപ്പിക്കാനുള്ള പ്രവർത്തനങ്ങൾ.**
- **ജൂൺ അവസാനാഴ്ച ലേണിംഗ് ഡിസബിലിറ്റി വാര അവബോധം.**

**ജൂലൈ 14 – ഡിസ്ബിലിറ്റി അവബോധ ദിനം (Disability Awareness Day)**

- **പ്രധാന്യം: എല്ലാ വിധ വൈകല്യങ്ങളെയും അംഗീകരിച്ച് അവബോധം വളർത്തേണ്ടതിന്റെ ആവശ്യകത ഓർമപ്പെടുത്തുന്ന ദിവസം.**
- **പ്രവർത്തനം: വിവിധ വൈകല്യങ്ങളെ കുറിച്ചുള്ള ചിത്രങ്ങൾ അടങ്ങിയ ഒരു ചെറിയ പ്രദർശനം നടത്തും.**
- **ഉദാഹരണം: കുട്ടികൾക്ക് വൈകല്യങ്ങളേക്കുറിച്ചുള്ള പോസ്റ്ററുകൾ വരയ്ക്കാൻ പറയും.**

**ജൂലൈ 26 – അന്താരാഷ്ട്ര ഹിയറിംഗ് ഇംപെയർമെന്റ് അവബോധ ദിനം**

- **പ്രധാന്യം: ഹിയറിംഗ് ഇംപെയർമെന്റുള്ളവർക്കുള്ള ബോധവൽക്കരണം.**
- **പ്രവർത്തനം: ബാല്യകാല ഹിയറിംഗ് ഇംപെയർമെന്റിനെ കുറിച്ച് ചർച്ച നടത്തും.**

• ഉദാഹരണം: കുട്ടികൾക്ക് ചിന്താവികസന വീഡിയോ കാണിക്കുക.
സെപ്റ്റംബർ 21 – ലോക അൽഷൈമേഴ്സ് ദിനം
• പ്രധാന്യം: ഓർമ്മക്കുറവുള്ളവരുടെ അവസ്ഥയെ കുറിച്ച് ബോധവൽക്കരണം.
• പ്രവർത്തനം: ഓർമ്മ പരിശീലന ഗെയിമുകൾ നടത്തും.
• ഉദാഹരണം: കുട്ടികൾക്ക് memory games നടത്തിക്കുക.
സെപ്റ്റംബർ 23 – അന്താരാഷ്ട്ര സൈൻ ലാംഗ്വേജ് ദിനം
• പ്രധാന്യം: ആശയവിനിമയാവകാശം എല്ലാവർക്കും സമാനമാണ്.
• പ്രവർത്തനം: സൈൻ ലാംഗ്വേജിന്റെ അടിസ്ഥാന ചിഹ്നങ്ങൾ പഠിക്കും.
• ഉദാഹരണം: "നന്ദി", "സ്നേഹം" തുടങ്ങിയ ചിഹ്നങ്ങൾ പഠിക്കുക.
ഒക്ടോബർ മാസം മുഴുവൻ – ലേണിംഗ് ഡിസബിലിറ്റി അവബോധ മാസം (Learning DisabilityAwareness Month)
• പ്രധാന്യം: പഠനത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികളെ തിരിച്ചറിഞ്ഞ് അവർക്കായി സഹായ മാർഗങ്ങൾ ഒരുക്കേണ്ടത് എല്ലാവരും മനസ്സിലാക്കേണ്ട ഒരു സമയം.

• പ്രവർത്തനം: പഠനത്തിൽ ബുദ്ധിമുട്ട് അനുഭവിക്കുന്ന കുട്ടികൾക്ക് സഹായിക്കാൻ കൂട്ടുകാരെയും അധ്യാപകരെയും ഉത്സാഹിപ്പിക്കാം.
• ഉദാഹരണം: കുട്ടികൾക്ക് "ഞാൻ എന്റെ കൂട്ടുകാരെ സഹായിക്കും" എന്ന തലക്കെട്ടിൽ ഒരു സത്യപ്രതിജ്ഞ എഴുതിക്കൊടുക്കാം.
ഒക്ടോബർ 10 – ലോക മാനസികാരോഗ്യ ദിനം
• പ്രധാന്യം: മാനസിക വൈകല്യങ്ങളെ കുറിച്ച് ബോധവൽക്കരണം ആവശ്യമാണ്.
• പ്രവർത്തനം: ക്ലാസിൽ മനസ്സിന്റെയും ആരോഗ്യത്തിന്റെയും ആവശ്യകതയെ കുറിച്ച് സംസാരിക്കും.
ഒക്ടോബർ 15 – ഗ്ലോബൽ വൈറ്റ് കെയിൻ ദിനം
• പ്രധാന്യം: കാഴ്ച കുറവുള്ളവരുടെ സുരക്ഷയുടെ പ്രതീകം വൈറ്റ് കെയിനാണ്.
• പ്രവർത്തനം: കാഴ്ച കുറവുള്ളവരുടെ ചിത്രപ്രദർശനം നടത്തും.
• ഉദാഹരണം: കാഴ്ചക്കുറവുള്ളവരുടെ ദിനചര്യ കുട്ടികൾ വരച്ചുകാട്ടുക.
നവംബർ 14 – ലോക പ്രമേഹം ദിനം
• പ്രധാന്യം: പ്രമേഹത്തെ കുറിച്ചുള്ള ബോധവൽക്കരണം.
• പ്രവർത്തനം: ആരോഗ്യ സംരക്ഷണത്തിനുള്ള പ്രാധാന്യം കുട്ടികൾക്ക് പഠിപ്പിക്കും.
• ഉദാഹരണം: പ്രമേഹരോഗികളുമായി ബന്ധപ്പെട്ട അനുഭവം കുട്ടികൾക്ക് പങ്കിടുക.
നവംബർ 16 – അന്താരാഷ്ട്ര സഹന ദിനം
• പ്രധാന്യം: വൈകല്യമുള്ളവർക്കും മറ്റുള്ളവർക്കും ഒരുപോലെ സഹാനുഭൂതി ആവശ്യമാണ്.
• പ്രവൃത്തനം: സഹനത്വത്തിനുള്ള കഥകൾ കുട്ടികൾക്ക് വായിക്കാൻ പറയും.
ഉദാഹരണം: കുട്ടികൾക്ക് "നന്മയുടെ വൃക്ഷം" നിർമ്മിക്കാൻ അറിയിക്കുക.
ഡിസംബർ 3 – അന്താരാഷ്ട്ര വൈകല്യാവകാശ ദിനം
• പ്രധാന്യം: വൈകല്യമുള്ളവർക്കും സമാന അവകാശങ്ങളുണ്ട് എന്ന് സമൂഹം മനസ്സിലാക്കേണ്ട ദിവസം.

- **പ്രവൃത്തനം: വൈകല്യ അവബോധ പരിപാടിയും കളിമത്സരവും നടത്തും.**
- **ഉദാഹരണം: വൈകല്യമുള്ള കുട്ടികൾക്കും മറ്റുള്ളവർക്കും ഒരുപോലെ പങ്കെടുക്കാവുന്ന കളിമത്സരം സംഘടിപ്പിക്കുക.**

**<u>2025-'26 അക്കാദമിക് വർഷത്തെ സൈക്കോ സോഷ്യൽ കൗൺസലിംഗ് പ്രവർത്തനം:-</u>**

## ബോധവത്കരണ ക്ലാസ്

**1) 8,+1 എന്നീ ക്ലാസ്സുകളിൽ പ്രവേശനം നേടിയ എല്ലാ കുട്ടികൾക്കും അവരുടെ രക്ഷിതാക്കൾക്കും സ്കൂളിൽ നടപ്പിലാക്കുന്ന കൗൺസലിംഗ് സേവനങ്ങളെക്കുറിച്ചു ബോധവത്കരിക്കും.**

**2) കൗൺസലിംഗ് ആവശ്യമുള്ള കുട്ടികൾക്കും രക്ഷിതാക്കൾക്കും വ്യക്തിഗത കൗൺസലിംഗ്, ഗ്രൂപ് കൗൺസലിംഗ് എന്നിവ നൽകും**

**3) കുട്ടികളിലുണ്ടാകുന്ന മാനസ്സിക സമ്മർദ്ദം, സ്വഭാവ വൈകല്യം എന്നിവയെ ആസ്പദമാക്കി ക്ലാസ് നൽകും.**

**4) നിയമവശങ്ങൾ,സ്വഭാവ രൂപീകരണം:-**
**കുട്ടികൾക്ക് വ്യക്തിത്വ വികസനം,അവർ അറിഞ്ഞിരിക്കേണ്ട നിയമവശങ്ങൾ,life skills, ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങൾ, മൊബൈൽ അഡിക്ഷൻ, വ്യക്തി ശുചിത്വം,mentrual hygiene, പരീക്ഷാപേടി,career guidance മാനസ്സിക ശാരീരിക ആരോഗ്യം എന്നീ വിഷയത്തെ ആസ്പദമാക്കി 8,9,10,HSS,VHSE കുട്ടികൾക്ക് പ്രത്യേക ക്ലാസുകൾ നൽകും .**

**5) ബാലവേല വിരുദ്ധ ദിനം, ലഹരി വിരുദ്ധ ദിനം, പോഷകാഹാര മാസാചരണം, ഭക്ഷ്യ സുരക്ഷാ ദിനം, ബാലികാ ദിനം,ലോക മാനസികാരോഗ്യ ദിനം, സ്ത്രീധന നിരോധന ദിനം,അന്താരാഷ്ട്ര വനിതാ ദിനം, ശൈശവ വിവാഹ നിരോധന ദിനം, വയോജന ദിനം, ഭിന്നശേഷി ദിനം എന്നീ ദിനങ്ങൾ ക്ലാസ് നൽകിയും,ചിത്രരചന മത്സരം, പോസ്റ്റർ രചന മത്സരം എന്നിവ സംഘടിപ്പിച്ചും ആചരിക്കും.**

**6) ജില്ലാ വനിതാ ശിശു സംരക്ഷണ വകുപ്പിന്റെ ഭാഗമായി നടപ്പിലാക്കുന്ന ORC ( Our Responsibility to children) എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് ബോധവത്കരണ പരിപാടികൾ, ക്യാമ്പുകൾ കൂടാതെ സംരക്ഷണം ആവശ്യമുള്ള കുട്ടികൾക്ക് shelter home ന്റെ സംവിധാനം ഒരുക്കുക. എന്നിവ സൈക്കോ സോഷ്യൽ കൗൺസലിംഗ് സേവനത്തിൽ ഉൾപ്പെടുന്നു.**